**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,**
**തിരുവനന്തപുരം.**

ഹാജർ : ജസ്റ്റിസ് ശ്രീ അലക്സാണ്ടർ തോമസ്,
ബഹു. ചെയർപേഴ്സൺ.

**എച്ച്.ആർ.എം.പി.നമ്പർ : 4934/11/12/2023/റ്റി.വി.എം.**

പരാതിക്കാരൻ : ഷാജു.എൻ, കുറുങ്കരക്കോണത്ത് വീട്,
ചെറുവക്കൽ, ശ്രീകാര്യം.പി.ഒ, തിരുവനന്തപുരം.

എതിർകക്ഷി :

**ഉത്തരവ് തിയതി : 2024 ഡിസംബർ മാസം 06**

1. സാധാരണയിൽക്കൂടുതലായി വാട്ടർ ബിൽ (1,128/- രൂപ) വന്നത് അന്വേഷിക്കാൻ 15-7-2023 ന് കേരള വാട്ടർ അതോരിറ്റിയുടെ പോങ്ങുമ്മൂട് ഓഫീസിലെത്തിയ പരാതിക്കാരനെ ഹെഡ്ക്ലാർക്ക് പി.ആർ. അനൂപ് കുമാറും A1 sectionലെ സോമൻനായർ എന്ന് പരിചയപ്പെടുത്തിയയാളും മോശമായി സംസാരി ച്ചെന്നും സ്ത്രീകൾ ഉൾപ്പെടെയുള്ള ഓഫീസിൽ വെച്ച് തെറി വിളിച്ചും അശ്ലീല പരിഹാസം നടത്തുകയും ചെയ്തെന്നും ആരും ചോദ്യം ചെയ്യാനില്ല എന്ന രീതിയിൽ പെരുമാറിയ ടി ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്നും മറ്റുമാണ് പരാതിയിലെ ആവശ്യം.

2. ഓഫീസ് സമയത്തിനു മുമ്പാണ് സംഭവം നടന്നതെന്നും ആ സമയം ഓഫീസിലുണ്ടായിരുന്നത് ഹെഡ്ക്ലാർക്ക് അനൂപ് കുമാർ.പി.ആർ, സെക്ഷൻ ക്ലാർക്ക് ശരത്‌ലാൽ എന്നിവർ മാത്രമായിരുന്നെന്നും അവരുടെ മൊഴി രേഖപ്പെടുത്തിയും അന്വേഷണത്തിലെ നിരീക്ഷണങ്ങൾ ഉൾപ്പെടുത്തിയും കേരള വാട്ടർ അതോരിറ്റി പോങ്ങുമ്മൂട് അസിസ്റ്റൻറ് എഞ്ചിനീയർ 27-9-2023 തിയതിയിലെ റിപ്പോർട്ട് സമർപ്പിച്ചു. പരാതിക്കാരനോട് സൗഹാർദ്ദപരമായി പെരുമാറുകയും ടിയാൻെറ സംശയങ്ങൾ ദുരീകരിക്കുകയും ജീവനക്കാരുടെയും അവരുടെ ഐഡൻറിറ്റി കാർഡിൻെറയും ഫോട്ടോ എടുക്കാൻ അനുവദിച്ചും ഒരു ഉപഭോക്താവിന് ലഭിക്കേണ്ട എല്ലാ മാന്യതയും ഈ പരാതിക്കാരന് ടി ഓഫീസിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

3. 28-6-2024-ന് പരാതിക്കാരനും എതിർകക്ഷിയും കമ്മീഷൻ മുമ്പാകെ ഹാജരായി. പരാതിക്കാരൻ ആരോപണങ്ങൾ ആവർത്തിക്കുകയും രേഖാമൂലം ആക്ഷേപം

സമർപ്പിക്കുകയും ചെയ്തു. അതിനാൽ ടി പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷൻ ആക്ടിംഗ് ചെയർപേഴ്സൺ കമ്മീഷൻെറ മുഖ്യ അന്വേഷണ ഉദ്യോഗസ്ഥനോട് നിർദ്ദേശിച്ചു. പരാതിക്കാരൻ, ഹെഡ്ക്ലാർക്ക് അനൂപ് കുമാർ.പി.ആർ, സെക്ഷൻ ക്ലാർക്ക് ശരത്ലാൽ എന്നിവരുടെ മൊഴി രേഖപെടുത്തി അന്വേഷണ വിഭാഗം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തി 21-8-2024-ലെ റിപ്പോർട്ട് സമർപ്പിച്ചു.

4. അമിത ബില്ലിനെ കുറിച്ച് തിരക്കാൻ 15-7-2023-ന് രാവിലെ 10.30 മണിക്ക് പോങ്ങുമ്മൂട് വാട്ടർ അതോറിറ്റി ഓഫീസിൽ എത്തിയ താൻ ഉദ്യോഗസ്ഥരുടെ ഐ.ഡി. കാർഡിൻെറ ഫോട്ടോ എടുക്കാൻ ശ്രമിക്കവെ ശരത്ലാൽ എന്ന ഉദ്യോഗസ്ഥൻ മോശം വാക്കുകൾ ഉപയോഗിച്ചെന്നും അവിടെ സ്ത്രീകളായ ഉദ്യോഗസ്ഥരും ഉണ്ടായിരുന്നുവെന്നും സ്ത്രീകളുടെ മുന്നിൽ വെച്ച് അശ്ലീല പരിഹാസം നടത്തിയതിൽ അതിയായ സങ്കടവും അപമാനവും ഉണ്ടായെന്നും പൊതുജനങ്ങളുമായി നേരിട്ട് ഇടപഴകുന്ന ഇത്തരത്തിലുള്ള ഉദ്യോഗസ്ഥരെ നിയമിക്കരുതെന്നും ശരത്ലാൽ എന്ന ഉദ്യോഗസ്ഥനെതിരെ നടപടി ഉണ്ടാകണമെന്നും പരാതിക്കാരൻ മൊഴി നൽകിയെന്നും, പരാതിക്കാരൻ ഓഫീസ് സമയത്തിനു മുമ്പ് രാവിലെ 9.30 മണിക്കാണ് എത്തിയതെന്നും അപ്പോൾ മറ്റു ജീവനക്കാരോ പൊതുജനങ്ങളോ അവിടെ ഇല്ലായിരുന്നെന്നും ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നും മേൽപറഞ്ഞ ഉദ്യോഗസ്ഥർ മൊഴി നൽകിയെന്നും സി.ഐ.ഒ.യുടെ റിപ്പോർട്ടിൽ പറയുന്നു. ടിയാൻ ആവശ്യപ്പെട്ട നിലവിലെയും അതിന് മുമ്പത്തെയും താരിഫിൻെറ പകർപ്പ് വേണമെങ്കിൽ വിവരാവകാശ നിയമ പ്രകാരം അപേക്ഷിക്കാൻ നിർദ്ദേശിച്ചതിലുള്ള അതൃപ്തിയിൽ പ്രകോപിതനായാണ് പരാതിക്കാരൻ ഇപ്രകാരം പരാതി നൽകാൻ ഇടയായതെന്നും വകുപ്പുതല അന്വേഷണത്തിൽ കണ്ടു ചോദിച്ച വനിതാ ഉദ്യോഗസ്ഥരും ആരോപണം നിഷേധിച്ചെന്നും ടിയാൻെറ സംശയം ദുരീകരിക്കാൻ ഉദ്യോഗസ്ഥർ ശ്രമിച്ചെങ്കിലും തൃപ്തികരമല്ലാതെ പരസ്പരം തർക്കവും സംസാരവും ഉണ്ടായെന്നു കാണുന്നുവെന്നും എന്നാൽ പരാതിക്കാരനെ അപമാനിക്കാൻ ശ്രമിച്ചതിനോ അശ്ലീലം പറഞ്ഞതിനോ തെളിവുള്ളതായി കാണുന്നില്ലെന്നുമാണ് സി.ഐ.ഒ.യുടെ കണ്ടെത്തൽ.

പൊതുജനങ്ങളുമായി നേരിട്ട് ഇടപഴകുന്ന ഉദ്യോഗസ്ഥർ സംയമനത്തോടുകൂടി പെരുമാറുന്നതിനും പൊതുജനത്തിൻെറ പെരുമാറ്റത്തിൽ പ്രകോപിതരാകാതെയും പരാതിക്ക് ഇടവരുത്താതെയും കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി കൊടുക്കുന്നതിനും ആവശ്യമെങ്കിൽ പരാതികൾ എഴുതി വാങ്ങി സത്വരപരിഹാരം ഉണ്ടാക്കുന്നതിനും ഉദ്യോഗസ്ഥർക്ക്

ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതിന് വാട്ടർ അതോറിറ്റി ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകാവുന്നതാണെന്നാണ് അന്വേഷണ റിപ്പോർട്ടിൽ സി.ഐ.ഒ. ശുപാർശ ചെയ്തിരിക്കുന്നത്.

5. കമ്മീഷൻ മുമ്പാകെ 5-11-2024-ന് നേരിട്ട് ഹാജരായി റിപ്പോർട്ടിന്മേൽ ആക്ഷേപം സമർപ്പിക്കാൻ ആവശ്യപ്പെട്ട് റിപ്പോർട്ടിന്റെ പകർപ്പ് സഹിതം പരാതിക്കാരന് നോട്ടീസ് അയച്ചു. എന്നാൽ പരാതിക്കാരൻ അന്നേദിവസം ഹാജരാക്കുകയോ ആക്ഷേപം സമർപ്പിക്കുകയോ ചെയ്തില്ല. തുടർന്ന് ഇന്ന് ഹാജരാകാൻ ആവശ്യപ്പെട്ട് ടിയാന് നോട്ടീസ് അയച്ചു. എന്നാൽ ഇന്നും ടിയാൻ ഹാജരായില്ല. ആക്ഷേപവും സമർപ്പിച്ചിട്ടില്ല.

6. പൊതുജനങ്ങളുമായി നേരിട്ട് ഇടപഴകുന്ന ഉദ്യോഗസ്ഥർ സംയമനത്തോടുകൂടി പെരുമാറുന്നതിനും പൊതുജനത്തിന്റെ പെരുമാറ്റത്തിൽ പ്രകോപിതരാകാതെയും പരാതിക്ക് ഇടവരുത്താതെയും കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി കൊടുക്കുന്നതിനും ആവശ്യമെങ്കിൽ പരാതികൾ എഴുതിവാങ്ങി സത്വര പരിഹാരം ഉണ്ടാക്കുന്നതിനും ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ആ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതിയിലെ നടപടി കമ്മീഷൻ അവസാനിപ്പിക്കുന്നു. പരാതിക്കാരന് ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ

j/